vi. കൺവെൻഷൻ സെന്റർ ;

vii. പ്രദർശന/വാണിജ്യ ഫെയർ സെന്റർ ;

viii. പഞ്ചനക്ഷത്ര, ബഡ്ജറ്റ് ഹോട്ടലുകൾ ;

ix. ഷോപ്പിംഗ് മാളുകൾ ;

x. മൾട്ടിപ്ലെക്സുകൾ ;

xi. കുടുംബവിനോദകേന്ദ്രങ്ങൾ ;

xii. മൾട്ടിസ്പെഷ്യാലിറ്റി ഹോസ്പിറ്റൽ ;

(ഡി&ഇ) എക്സിബിഷൻ-കം-ട്രേഡ് ഫെയർ സെന്ററിന്റെ നിർമ്മാണം പുരോഗമിക്കുന്നു. 2011 സെപ്തംബറോടെ പൂർത്തിയാകുമെന്നും, തുടർന്ന് പ്രവർത്തനം തുടങ്ങാനാകുമെന്നും പ്രതീക്ഷിക്കുന്നു.

കണ്ണൂർ വിമാനത്താവളത്തിന്റെ ഓഹരി നൽകുന്നതു സംബന്ധിച്ച് നയപരമായ തീരുമാനങ്ങൾ

92 (106) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ വിമാനത്താവളത്തിന്റെ ഓഹരി നൽകുന്നതു സംബന്ധിച്ച് നയപരമായ എന്തൊക്കെ തീരുമാനങ്ങളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിനായി താൽപ്പര്യപത്രം സ്വീകരിക്കുന്നതിന്റെ ഭാഗമായി ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു ;

(സി) ഒരു വ്യക്തിക്ക് അപേക്ഷിക്കാവുന്ന ഏറ്റവും കുറഞ്ഞതും ഏറ്റവും കൂടിയതുമായ ഓഹരികളുടെ എണ്ണം സംബന്ധിച്ച് തീരുമാനമായിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) കണ്ണൂർ വിമാനത്താവളത്തിന്റെ ഓഹരികൾക്കായുള്ള താൽപ്പര്യപത്രം പ്രസിദ്ധീകരിച്ചുകഴിഞ്ഞുവോ ; ഇതുവരെ ആരൊക്കെ താൽപ്പര്യപത്രം നൽകിയിട്ടുണ്ട് ;

(ഇ) സർക്കാരിന് എത്ര ശതമാനവും, സർക്കാർ ഏജൻസിയായ ഇൻകലിന് എത്ര ശതമാനവും ഓഹരി നല്കാനാണ് തീരുമാനിച്ചിട്ടുള്ളത് ?

ഉത്തരം

(എ) 2010 മാർച്ച് 31-ാം തീയതിയിലെ ജി.ഒ.(എം.എസ്.)നമ്പർ.38/2010/ട്രാൻ നമ്പർ ഉത്തരവുപ്രകാരം കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനിയുടെ 26% ഓഹരി സർക്കാരിനും 23% ഓഹരി പൊതുമേഖലാ സ്ഥാപനങ്ങൾക്കും, 2%

LIBRARY ARCHIVES Kerala Legislative Assembly

ഓഹരി 'ഇൻകൽ'പോലുള്ള സർക്കാർ പ്രമോട്ട് ചെയ്യുന്ന കമ്പനികൾക്കും 49% Qualified Institutional Investors, High Net Work Individuals, കമ്പനികൾ എന്നിവയ്ക്കുമായാണ് സർക്കാർ തീരുമാനിച്ച് നിശ്ചയിച്ചിരിക്കുന്നത്.

(ബി) ടി ഉത്തരവ് പ്രകാരം സർക്കാരിന്റെ 26% ഓഹരി ഭൂമിയായിട്ടാണ് നല്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളും സർക്കാർ സംരംഭങ്ങളും അവരുടെ ഓഹരിയെ (23+2=25%) സംബന്ധിച്ച് ചർച്ചകൾ നടത്തിവരുന്നു. ബാക്കി 49% ഓഹരിക്കായി അപേക്ഷകൾ കമ്പനി സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട്.

(സി) കമ്പനിയുടെ 49% ഓഹരിയിൽ ഏറ്റവും കുറഞ്ഞത് 2001 എണ്ണം ഓഹരിക്കുവേണ്ടിയായിരിക്കണം വ്യക്തികൾ അപേക്ഷിക്കേണ്ടത് എന്ന് നിശ്ചയിച്ചിട്ടുണ്ട്. കൂടിയ പരിധി നിശ്ചയിച്ചിട്ടില്ല.

(ഡി) താൽപ്പര്യപ്പത്രം പ്രസിദ്ധീകരിച്ചിട്ടില്ല. കമ്പനിയുടെ ഡയറക്ടർ ബോർഡ് തീരുമാനപ്രകാരം റിക്വസ്റ്റ് സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട്.

(ഇ) 31-3-2010-ലെ ജി.ഒ.(എം.എസ്.)നമ്പർ 38/2010/ട്രാൻ നമ്പർ ഉത്തരവിൽ സംസ്ഥാന സർക്കാരിന് 26% ഓഹരിയും 'ഇൻകൽ' പോലുള്ള സർക്കാർ പ്രമോട്ട് ചെയ്യുന്ന കമ്പനികൾക്ക് 2% ഓഹരിയും നിശ്ചയിച്ചിട്ടുണ്ട്.

കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന്റെ സ്വകാര്യ ഓഹരി പങ്കാളിത്തം

93 (107) ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴികാടൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന്റെ സ്വകാര്യ പങ്കാളിത്തത്തെ സംബന്ധിച്ച് ഡയറക്ടർ ബോർഡ് എന്ത് തീരുമാനമാണ് എടുത്തിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) 2010 നവംബർ 10-ന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽച്ചേർന്ന 5-ാമത് കെ.ഐ.എ.എൽ. ഡയറക്ടർ ബോർഡിൽ ഐറ്റം നമ്പർ 9 ആയി ലീലാ ഗ്രൂപ്പ് ഇൻഫ്രാസ്ട്രക്ചറൽ ആന്റ് ഫിനാൻഷ്യൽ സർവീസ് ലിമിറ്റഡ് എന്നവർക്ക് 33%-ഉം, മുംബൈ മേനോൻ ഏവിയേഷൻ ആന്റ് ഹോസ്പിറ്റാലിറ്റി ലിമിറ്റഡ് എന്ന ഗ്രൂപ്പിന് 16%-ഉം ഓഹരി നൽകാൻ തീരുമാനിച്ചിട്ടുണ്ടോ ; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) സ്വകാര്യ ഓഹരി ഒരു വ്യക്തിക്ക്/കമ്പനിക്ക് നിശ്ചിത ശതമാനത്തിൽ കൂടുതൽ കൊടുക്കില്ലെന്ന് തീരുമാനം എടുത്തിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) ഈ വിമാനത്താവളത്തിന്റെ നിയന്ത്രണവും, ഉടമസ്ഥതയും വമ്പൻ വ്യവസായികളുടെ കയ്യിൽ ഒതുക്കാതിരിക്കാൻ സാധാരണക്കാരായ പ്രവാസികൾക്കും സാധാരണ ജനങ്ങൾക്കും നിക്ഷേപം നടത്താൻ അവസരം നൽകുന്നതിന് ഈ സർക്കാർ നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly